ഉന്നത ഉദ്യോഗസ്ഥൻമാർ സ്ഥലം സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. സംഭവത്തിൽ പ്രതിഷേധിച്ച് ആടൂർ, കരുവേടകം എന്നീ പ്രദേശങ്ങളിൽ ഇന്ന് ഹർത്താൽ ആചരിച്ചുവരുന്നതായി അറിയുന്നു. സ്ഥലത്ത് ആവശ്യമായത്ര പോലീസിനെ നിയോഗിച്ചിട്ടുണ്ട്. സ്ഥിതിഗതികൾ ഇപ്പോൾ നിയന്ത്രണ വിധേയമാണ്. കേസ് അന്വേഷണം ഊർജ്ജിതമായി നടത്തി കാസർഗോഡ് ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

(8) പ്ലാന്റേഷൻ കോർപ്പറേഷൻ ജീവനക്കാരുടെ സേവന-വേതന കരാർ

ശ്രീ. പി.ജെ. ജോയി : സർ, സംസ്ഥാനത്ത് പ്രമുഖ പൊതുമേഖലാ സ്ഥാപനമായ പ്ലാന്റേഷൻ കോർപ്പറേഷനിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കേരള സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള എസ്റ്റേറ്റുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എഗ്രിമെന്റിന്റെ കാലാവധി കഴിഞ്ഞിട്ട് മൂന്നര വർഷം പിന്നിട്ടു. ഇതുപോലൊരു ദീർഘകാല കരാറിന് ഇത്രയും വൈകിയ ഒരു സംഭവം ഉണ്ടായിട്ടില്ല. അതുപോലെതന്നെ അവിടെ ജോലി ചെയ്യുന്ന ആയിരക്കണക്കിന് തൊഴിലാളികൾ, ആ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നത് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായിട്ടാണ് സാധാരണ നടക്കുന്നത്. അതുകൊണ്ട് ജീവനക്കാരുടേത് അവിടെ നേരിട്ട് ചർച്ച നടത്തി തീരുമാനമെടുക്കുമ്പോൾ തൊഴിലാളികളുടെയും അങ്ങനെയാക്കണമെന്ന ഒരാവശ്യം ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞിരുന്നതാണ്. അദ്ദേഹം അത് സമ്മതിച്ചിരുന്നതുമാണ്. എന്നാൽ പി.എൽ.സി. തീരുമാനം വൈകുന്നു, ആ നിലയ്ക്ക് അവർക്ക് ഒരു ഇടക്കാലാശ്വാസം നൽകണമെന്ന ആവശ്യം നിരന്തരമായി ഉന്നയിച്ചിട്ട് നാളുകളായി. അതുകൊണ്ട് അടിയന്തിരമായി ഈ രണ്ട് വിഭാഗക്കാരുടെ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കണം. തൊഴിലാളികൾക്ക് ഇടക്കാലാശ്വാസം അനുവദിക്കാനും തയ്യാറാകണം. അതുമായി ബന്ധപ്പെട്ട് ഒരു കോൺഫറൻസ് വിളിച്ച് അവിടെയുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികളുടെ വേതനത്തെ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയാണ് നിശ്ചയിക്കുന്നത്. അങ്ങേയ്ക്ക് നല്ലതുപോലെ അറിയാം.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി 6-ാം തീയതി അതിന് കോൺഫറൻസും വിളിച്ചിട്ടുണ്ട്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : പ്ലാന്റേഷൻ കോർപ്പറേഷൻ ഈ പ്ലാന്റേഷന്റെ ലേബർ കമ്മിറ്റിയിൽ അംഗമാണ്. ലേബർ കമ്മിറ്റി എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അവിടത്തെ വർക്കേഴ്സിന്റെ വേതനം നിശ്ചയിക്കുന്നത്. പ്ലാന്റേഷൻ ലേബർ കമ്മിറ്റി തീരുമാനം ആയിക്കഴിഞ്ഞാൽ ആ നിമിഷം പ്ലാന്റേഷൻ കോർപ്പറേഷനിലെ വർക്കേഴ്സിന്റെ വേതനം പുതുക്കി നിശ്ചയിച്ച് അത് നടപ്പാക്കും. അതിൽ ഇടക്കാലാശ്വാസത്തെ സംബന്ധിച്ച് പ്ലാന്റേഷൻ കോർപ്പറേഷന്റെ ചെയർമാനും എം.ഡി.യും

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ടവരും വിവിധ യൂണിയനുകളുടെ പ്രതിനിധികളുമായി ചർച്ച ചെയ്ത് പ്ലാന്റേഷൻ കോർപ്പറേഷന്റെ ഇന്നത്തെ സാമ്പത്തിക പരിധിക്കുള്ളിൽ നിന്നുകൊണ്ട് ചില ആശ്വാസ നടപടികൾ സ്വീകരിക്കാൻ തയ്യാറായതാണ്. പക്ഷേ യൂണിയനുകൾ അതിന് സമ്മതിച്ചില്ല. അതുകൊണ്ടാണ് അത് നീണ്ടു പോകുന്നത്. കോർപ്പറേഷനിലെ മറ്റ് ഓഫീസർമാർക്ക് ഇടക്കാലാശ്വാസം ഇതിനകംതന്നെ നൽകിക്കഴിഞ്ഞിട്ടുണ്ട്. അതിനുശേഷം അവരുടെ ശമ്പള വർദ്ധനവിനെ സംബ്ധിച്ചുള്ള ചർച്ച നടത്താനായിച്ച് പ്ലാന്റേഷൻ കോർപ്പറേഷന്റെ എം.ഡിക്ക് നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

(9) കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്ക്കൂളിന്റെ കെട്ടിടംപണി

<u>ശ്രീ. മൊയിൻകുട്ടി</u> : സർ, ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താനുള്ളത് എന്റെ മണ്ഡലത്തിലെ കൊടുവള്ളി ഗവൺമെന്റ് ഹൈസ്ക്കൂളിന്റെ കെട്ടിട നിർമ്മാണ ജോലി ആരംഭിച്ചിട്ട് നിരവധി വർഷങ്ങളായി. പക്ഷെ ഫണ്ടില്ലാത്തതുകൊണ്ട് ഇന്ന് ആ പ്രവർത്തനം സ്തംഭിച്ചു നിൽക്കുകയാണ്. 75 ശതമാനത്തോളം പണി പൂർത്തിയാക്കിയിട്ടുള്ള ഈ കെട്ടിടത്തിന്റെ ബാക്കി പണി വളരെ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ഫണ്ട് അനുവദിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. 3500-ഓളം കുട്ടികളുള്ള ഈ വിദ്യാഭ്യാസ സ്ഥാപനത്തിൽ +2 അനുവദിച്ചിട്ടുണ്ട്. ആ +2 പ്രവർത്തിക്കുന്നത് മദ്രസയിലാണ്. 20% ത്തോളം റിസൾട്ടുള്ള ഈ സ്ഥാപനം വളരെ ദയനീയമായ സാഹചര്യത്തിലാണ് ഇന്ന് നിൽക്കുന്നത്. അതുകൊണ്ട് ഇതിനാവശ്യമായ ഫണ്ട് അനുവദിച്ചുകിട്ടണം. ജില്ലാ പഞ്ചായത്തിന് കൈമാറുന്നതിനു മുൻപ് ആരംഭിച്ച ഈ പ്രവൃത്തി ഫണ്ടില്ലാത്തതുകൊണ്ടാണ് സ്തംഭിച്ചു നിൽക്കുന്നത്. കെട്ടിട നിർമ്മാണത്തിന് പഞ്ചായത്തിന് ഫണ്ട് അന്ന് കൈമാറാത്തതു കാരണമാണ് ഈ സാഹചര്യം ഉളവായിട്ടുള്ളത്. ദയവായി അതിന് ഫണ്ട് അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പു മന്ത്രി (<u>ശ്രീ. ടി. ശിവദാസമേനോൻ</u>) : സർ, സംസ്ഥാനത്ത് പഞ്ചായത്തിരാജ് ഭരണം നടപ്പിലായതുമുതൽ സ്ക്കൂൾ കെട്ടിടങ്ങളുടെ സ്ഥലമെടുപ്പ്, കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുള്ള ഭരണപരമായ അധികാരം ബന്ധപ്പെട്ട പഞ്ചായത്തീ രാജ് നഗര പാലികാ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. എന്നാൽ ഈ സംവിധാനം നിലവിൽ വരുന്നതിന് മുൻപ് 1.8.97-ന് മുൻപ് ഭരണാനുമതി നൽകി പണി പല ഘട്ടങ്ങളിലായി തുടർന്നുവന്നിരുന്ന ധാരാളം സ്ക്കൂളുകളുടെ നിർമ്മാണ ചെലവിനങ്ങൾ അതാതു പൊതുമരാമത്ത് കെട്ടിട വിഭാഗം തന്നെ പണി പൂർത്തിയാക്കുവാനും ഇതിനുള്ള നിർമ്മാണ ചെലവുകൾ സർക്കാർതന്നെ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിന് കൊടുത്തുതീർക്കാൻ തീരുമാനിക്കുകയും ചെയ്തു. പഞ്ചായത്തീരാജ് നഗരപാലികാ ഭരണ സംവിധാനം നിലവിൽവന്നതോടെ പൊതുമരാമത്ത് വകുപ്പിനും സ്ക്കൂൾ കെട്ടിട നിർമ്മാണത്തിനും പ്രത്യേകമായി ബഡ്ജറ്റ് വിഹിതം അനുവദിക്കുകയുണ്ടായില്ല. ആയതിനുള്ള തുക അതാതു പഞ്ചായത്തുകളുടെ പദ്ധതി ഇനം ഗ്രാന്റിൽ മൊത്തമായി വീതിച്ച് നൽകുകയാണ് ചെയ്തുവരുന്നത്. 1998-1999 വർഷങ്ങളിൽ ഉപധനാഭ്യർത്ഥനകളിൽ ഉൾപ്പെടുത്തി ഈ ഇനത്തിൽ 7.2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നടപ്പുവർഷം ഇത്തരത്തിലുള്ള കുടിശ്ശിക വിതരണം ചെയ്യുന്നതിനായി ഉപ ധനാഭ്യർത്ഥന

LIBRARY ARCHIVES Kerala Legislative Assembly